പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.347 03.03.2020-ലെ മറുപടിക്ക്

## മാന്ദ്യവിരുദ്ധ പാക്കേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. വി.ആർ. സുനിൽ കുമാർ | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | | |
| --- | --- | --- |
| (എ) | ഏതൊക്കെ തരത്തിലാണ് കേരളം ഇന്ന് രാജ്യത്തെ ഏറ്റവും വലിയ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; അതിനായി അവലംബിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കുമോ; | കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളും ആഗോള സാമ്പത്തിക ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളും സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം കേന്ദ്ര സർക്കാർ ഉപഭോഗം ഉത്തേജിപ്പിക്കുന്നതിന് പകരം അനുവർത്തിക്കുന്ന സപ്ലൈസൈഡ് ഇക്കണോമിക്സും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശുഭസൂചകമായ കാര്യമല്ല. ടി പ്രതികൂല സാഹചര്യത്തിൽ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ബഹുതല സ്പർശിയായ വികസനം സാദ്ധ്യമാക്കി മാന്ദ്യം മറികടക്കുന്നതിന് ഉതകുന്ന പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ പ്രധാനപ്പെട്ടവ ഇവയാണ്.<br><br>i. വിഭവ ദൗർലഭ്യം മൂലം മുരടിച്ച് നിന്നിരുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പുതിയ വെളിച്ചം പകർന്ന കിഫ്ബിയിലൂടെ 54,000 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾ പുരോഗമിക്കുകയാണ്. സാധാരണ ഗതിയിൽ ഇരുപത്തഞ്ചോ മുപ്പതോ വർഷം കൊണ്ട് ഉണ്ടാകുന്ന പശ്ചാത്തല സൗകര്യങ്ങൾ അടുത്ത മൂന്ന് വർഷം കൊണ്ട് ലക്ഷ്യമിടുന്ന മേൽ പ്രോജക്ട് രാജ്യത്ത് ഇന്ന് നടപ്പാക്കുന്ന ഏറ്റവും വലിയ മാന്ദ്യ വിരുദ്ധ പാക്കേജാണ്.<br>ii. 2020-21 -ൽ 36811.33 കോടി രൂപയുടെ (Special Central Assistance ഉൾപ്പെടെ) വാർഷിക പദ്ധതിയാണ് ലക്ഷ്യമിടുന്നത്. |

| | | |
|---|---|---|
| | | iii. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം ധനസഹായം 2020-21 -ൽ 12074 കോടി രൂപയായി ഉയർത്തി.<br>iv. എല്ലാ ക്ഷേമ പെൻഷനുകളും 1300 രൂപയായി വർദ്ധിപ്പിച്ചു.<br>v. മൂലധന ചെലവിനായി 14,428 കോടി രൂപ വകയിരുത്തി.<br>vi. 2020-21 -ൽ ഒരു ലക്ഷം വീടുകൾ / ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.<br>vii. നെൽകൃഷിക്ക് റോയൽറ്റി.<br>viii. 25,000 -ൽപ്പരം കോടി രൂപയുടെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ.<br>ix. 19,130 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തി.<br>x. പ്രാദേശിക വിഷയങ്ങൾക്ക് പരിഹാരമെന്നോണം കുട്ടനാട്, വയനാട്, ഇടുക്കി പാക്കേജുകൾ. |
| (ബി) | ഇന്ത്യൻ ഫെഡറൽ സംവിധാനത്തിൽ കൂടുതൽ വായ്പ എടുക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള പരിമിതികൾ എന്തൊക്കെ യെന്ന് വ്യക്തമാക്കുമോ; | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് ഭേദഗതി ചെയ്യുകയും ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത്. ഇതു പ്രകാരം സംസ്ഥാനത്തിന്റെ ധനകമ്മി 3 ശതമാനത്തിനുള്ളിൽ നിലനിർത്തേണ്ടതുണ്ട്. ഇതനുസരിച്ച്, കേന്ദ്ര സർക്കാർ അനുവദിച്ച് നൽകുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ട് മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ.<br>കൂടാതെ, 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായ ജി.എസ്.ഡി.പി —യുടെ 3 ശതമാനത്തിനുമേൽ അധികരിക്കുന്ന വായ്പ വരും വർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് ചെയ്യുന്ന തരത്തിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സാധാരണ ഗതിയിൽ ഇരുപത് വർഷക്കാല ത്തിലധികം കൊണ്ട് ഉണ്ടാകേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ അടുത്ത മൂന്ന് വർഷക്കാലം കൊണ്ട് കിഫ്ബി മുഖേന കേരളത്തിൽ നടപ്പാക്ക | സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. |

| | | |
|---|---|---|
| | ബോൾ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെ യെന്ന് വ്യക്തമാക്കുമോ; | ഏകദേശം 50000കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഭാവി വരുമാന ഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തലസൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയുടെ സ്ഥാപിത ലക്ഷ്യം. കിഫ്ബി മുഖേന നാളിതു വരെ ആകെ 54391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.<br>ഇത്തരം അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും, സാംസ്കാരികവും, ആരോഗ്യ, വിദ്യഭ്യാസ, വ്യവസായിക മേഖലകളുടെ വികസനം സാധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്തന രീതി മാന്ദ്യ കാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ 50000 കോടിയുടെ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്. |
| (ഡി) | കിഫ്ബി പദ്ധതികളുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും ഊർജ്ജവും ദിശാബോധവും നൽകുന്നത് ഏതൊക്കെ വിധത്തിലാണ് എന്നറിയിക്കുമോ? | |

ധനകാര്യ വകുപ്പ് മന്ത്രി